"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- കോഴിക്കോട് വനിതാ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ആദർശ്.പി.സിയ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.439/2025/LBR  തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-
1. കോഴിക്കോട് വനിതാ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ആദർശ്.പി.സി 31/08/2024-ൽ സമർപ്പിച്ച അവധി അപേക്ഷ.
2. ട്രെയിനിംഗ് ഡയറക്ടറുടെ 21/10/2024 തീയതിയിലെ ഡി.ടി/4657/2024/എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കോഴിക്കോട് വനിതാ ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.ആദർശ്.പി.സിയ്ക്ക് കൊയിലാണ്ടി ഗവൺമെൻറ് ഐ.ടി.ഐയിൽ ഇലക്ട്രോണിക്സ് ആൻഡ് മെക്കാനിക് ട്രേഡ് പഠിക്കുന്നതിനായി 02/09/2024 മുതൽ 31/07/2026 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർച്ചയായ മൂന്ന് വർഷത്തിലധികം സേവനമുളള സാഹചര്യത്തിൽ കോഴിക്കോട് വനിതാ ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.ആദർ ശ്.പി.സിയ്ക്ക് പഠനാവശ്യത്തിനായി 02/09/2024 മുതൽ 31/07/2026 വരെ **(01/09/2024 മുൻചേർത്ത്)**, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ **കെ.എസ്.ആർ. ഭാഗം I, ചട്ടം 88** പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ആദർശ്.പി.സി , വാച്ച്മാൻ, ഐ.ടി.ഐ (വനിത) , കോഴിക്കോട് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (23/01/2025-ലെ 2997812/എൽ.ബി.ആർ1/287/2024/ധന നമ്പർ നോട്ട് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 01-04-2025 11:38:25

സെക്ഷൻ ഓഫീസർ